


# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ബി.പി.1/2259/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 02/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ബി.പി.1/2259/2022 തീയ്യതി: 02/03/2023

# തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 21-12-2022 | 28-12-2022 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2022 | 28-12-2022 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ സുരേഷ് ബാബു ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി തനുജ എം എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ രഞ്ജിത്ത് സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വി അമ്പിളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രശ്മി | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ ബിജു | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീകല | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ ശാന്തി എൽ പി | സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി | 01-04-2021 | 05-01-2022 |
| ഡോ ആശ | സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി | 05-01-2022 | 12-01-2022 |

| | | | |
|---|---|---|---|
| ഡോ ജയചന്ദ്രൻ ജി | സൂപ്രണ്ട്, താലൂക്ക് ഹോമിയോ ആശുപത്രി | 13-01-2022 | 31-03-2022 |
| ശ്രീ ശിബികുമാർ ബി എസ് | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രേമവല്ലി.എം | അസിസ്റ്റന്റ് ഡയറക്ടർ , കൃഷി | 01-04-2021 | 23-07-2021 |
| ശ്രീമതി അനിത.എസ് | അസിസ്റ്റന്റ് ഡയറക്ടർ , കൃഷി | 23-07-2021 | 23-09-2021 |
| ശ്രീമതി ദീപ.സി | അസിസ്റ്റന്റ് ഡയറക്ടർ , കൃഷി | 23-09-2021 | 27-09-2021 |
| ഡോ.ജോമി ജേക്കബ് | അസിസ്റ്റന്റ് ഡയറക്ടർ , കൃഷി | 28-09-2021 | 31-03-2022 |
| ശ്രീമതി അംബിക ദേവി | ശിശുവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.കൃഷ്ണൻ നമ്പൂതിരി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 06-01-2022 |
| ശ്രീ.അനൂപ് ഷിനു | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 07-01-2022 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | 2021-22 ബജറ്റ് -അപാകങ്ങൾ | 1-1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 5 | ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ | 1-3-1 |
| 6 | ഗ്രാന്റ് വിനിയോഗം | 1-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്യാഷ് പരിശോധന | 1-5 |
| 9 | ആഭ്യന്തര നിയന്ത്രണം. | 1-6 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ | 1-7 |
| 11 | ദുരന്ത നിവാരണ സന്നദ്ധ സേന രൂപീകരണം-സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-8 |
| 12 | ജൈവഗ്രാമം ലാഭവിഹിതം - രേഖകൾ ലഭ്യമാക്കിയില്ല | 1-9 |
| 13 | സർക്കാർ നിർദ്ദേശത്തിനനുസൃതമായി തുക കൈമാറിയില്ല. | 1-10 |
| 14 | സമൃദ്ധി- പൊതു ഇടങ്ങളിൽ ഫലവൃക്ഷ തൈ വച്ചു പിടിപ്പിക്കൽ- പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വിവരങ്ങൾ അവ്യക്തം | 1-11 |
| 15 | സമൃദ്ധി തെങ്ങിൻ തൈ നഴ്സറി - ജൈവഗ്രാമത്തിന് കൈമാറിയ തുകയ്ക്ക് അനുസൃതമായിട്ടുള്ള രേഖകൾ ലഭ്യമാക്കിയില്ല. 460000 രൂപ തടസ്സപ്പെടുത്തുന്നു. | 1-12 |
| 16 | ടാർ ചെയ്തതിനെക്കാൾ കൂടുതൽ പ്രദേശത്ത് WMM ഉപയോഗിച്ചു. അധികച്ചെലവ് 5264/- | 1-13 |
| 17 | ഓട നിർമ്മാണം-എർത്ത് വർക്ക്, ബേസ് കോൺക്രീറ്റ് എന്നിവ അധിക വീതിയിൽ നിർമ്മിച്ച് ചെലവ് ചെയ്തു.അധികച്ചെലവ്-7986/- | 1-14 |
| 18 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല – 1000000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 19 | ചെലവുരേഖകൾ ഹാജരാക്കിയില്ല – 600000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 20 | നിക്ഷേപപ്രവൃത്തികൾക്ക് കരാർ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 1-17 |
| 21 | തുക ഒടുക്കിയിട്ടും ഉപകരണങ്ങൾ ലഭ്യമായില്ല – 262868/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |

| | | |
|---|---|---|
| 22 | തുക ഒടുക്കിയിട്ടും വാഹനങ്ങൾ ലഭ്യമായില്ല – 1584750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 23 | റിവോൾവിംഗ് ഫണ്ട് - വിനിയോഗവിവരം ലഭ്യമല്ല – 40,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 24 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല :19448301/-രൂ തടസ്സപ്പെടുത്തുന്നു | 1-21 |
| 25 | ആദായനികുതി ഈടാക്കിയിട്ടില്ല | 1-22 |
| 26 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1809750 രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 27 | ജൈവ ഗ്രാമം- പോഷകത്തോട്ടം- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-24 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾ - നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്. | 4-3 |
| 4 | വായ്പ- വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണസമിതിയുടെ ജനറൽ കമ്മിറ്റി 20.02.21ലെ തീരുമാനം 1(1) പ്രകാരം മുന്നിരിപ്പും വരവും ഉൾപ്പെടെ 76773183 /-രൂപയും ചെലവിനത്തിൽ 69850500 /- രൂപയും നീക്കിയിരിപ്പ് 6922683 /- രൂപയും ഉള്ള ബജറ്റ് അംഗീകരിച്ചു.

പ്രസ്തുത ബജറ്റിലെ പ്രതീക്ഷിത വരവ് ചെലവുകൾ മുൻവർഷത്തേയും തൻവർഷത്തേയും വരവ് ചെലവുകളുമായുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | 2020-21 വാർഷിക കണക്ക് പ്രകാരം | 2021-22 ബജറ്റ് പ്രകാരം പ്രതീക്ഷിതം | 21-22 വാർഷിക കണക്ക് പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 15678477 | 1627083 | 27209068 |
| വരവ് | 97266295 | 75146100 | 80785021 |
| ആകെ | 112944772 | 76773183 | 107994089 |
| ചെലവ് | 85735704 | 69850500 | 96338486 |
| നീക്കിയിരിപ്പ് | 27209068 | 6922683 | 11655603 |

## 1-1-2 2021-22 ബജറ്റ് -അപാകങ്ങൾ

1.1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല.

2.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുവൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ ഉൾപ്പെട്ട ബജറ്റുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല .

3) 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. പഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച്

മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)].

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. .എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

4.പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്.

3)ബജറ്റ് വകയിരുത്തൽ - ചെലവ് സംബന്ധിച്ച അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഉചിതമായ ബജറ്റ് വകയിരുത്തിയിട്ടില്ലെങ്കിൽ ഒരു ചെലവും അനുവദനീയമല്ല. ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും. ചെലവിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവ് അല്ലെങ്കിൽ വർക്ക് ഓർഡർ നൽകികൊണ്ട് ഒരു ചെലവും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്. ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അനുമതി ഉത്തരവോ വർക്ക് ഓർഡറോ സെക്രട്ടറി പുറപ്പെടുവിക്കാൻ പാടില്ല. ചെലവ് ചെയ്യുകയാണങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ വഴി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ/ വകയിരുത്താതെ തുക ചെലവഴിക്കേണ്ടി വന്നതായി കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | ഇനം | ഹെഡ് | ബജറ്റ് | എ.എഫ്.എസ്. |
|---|---|---|---|---|

| നമ്പർ | | ഓഫ് അക്കൗണ്ട് | പ്രകാരമുള്ള തുക | പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | മൃഗ സംരക്ഷണം - പശു വിളർത്തൽ | 2501031 | 0 | 1680000 |
| 2 | മൃഗ സംരക്ഷണം - അനുബന്ധസൗകര്യങ്ങൾ | 2501041 | 0 | 100000 |
| 3 | സ്പോർട്സ് | 2511007 | 0 | 100000 |
| 4 | പൊതുആരോഗ്യപരിപാടികൾ | 2512002 | 0 | 1000000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം.13/26.12.2022 ന് മറുപടി ലഭ്യമാക്കിയില്ല. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതും തുടർ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62 (2)(എ)) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും അതിൽ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാനവലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചതും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങളൊന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3) 2021-22 സാമ്പത്തിക വർഷത്തെ വിവിധ ഡെപ്പോസിറ്റുകളുടെ വാർഷിക ധനകാര്യപത്രികപ്രകാരമുള്ള മുന്നിരിപ്പ്, വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 6150 | 51050 | 0 | 57200 |
| Suppliers EMD | 8000 | 0 | 0 | 8000 |

| | | | | |
|---|---|---|---|---|
| Bidders Security Deposit | 2850 | 0 | 0 | 2850 |
| Contractors Retention | 213507 | 0 | 0 | 213507 |
| Other Deposit | 51641 | 0 | 0 | 51641 |
| Auction Deposit | 39791 | 0 | 0 | 39791 |

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. ആയതിനാൽ മേൽ അഡ്വാൻസ് തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

Contractors EMD,Suppliers EMD,Bidders Security Deposit,Auction Deposit എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2019-20 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്.

ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4) ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 78107/-രൂപ നീക്കിയിരിപ്പുണ്ട്.ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

5) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം 2020-21, 2021-22 വർഷങ്ങളിൽ Stock In Hand (Inventories) 446945/-രൂപയാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

6) വാർഷിക ധനകാര്യ പത്രികB18ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

| ക്രമനം | ഇനം | മുന്നിരിപ്പ് | തൻവർഷം പഞ്ചായത്ത് ചെലവഴിച്ച തുക | തൻവർഷം വരവായി ലഭിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | Temporary Advance For Official Purposes | 546255 | 1559931 | 1122463 | 983723 |
| 2 | Tour TA Advances | 56994 | - | - | 56994 |
| 3 | Advance To Implementing Agencies-Deposit With | 1863000 | 18615500 | - | 19381728 |

| | | | | | |
|---|---|---|---|---|---|
| | KWA | | | | |
| 4 | Advance To Others | 38335 | - | - | 38335 |

I) 2020-21 വാർഷിക ധനകാര്യപത്രികയിലെ B18ൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ ഏതൊക്കെ പ്രവൃത്തികൾക്കാണോ നൽകിയിട്ടുള്ളത് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

Ii) ലഭ്യമായ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

Iii)Advance To Implementing Agencies-Deposit With KWA ലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബി - 18 പ്രകാരമുള്ള ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

7) 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് (B12) പ്രകാരം, Investment – Equity Shares ഇനത്തിൽ 1000000/-രൂപയുണ്ടായിരുന്നു. എന്നാൽ, 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് (B12) പ്രകാരം, Investment – Equity Shares ഇനത്തിൽ നീക്കിയിരിപ്പില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

8) വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B11(b) ഷെഡ്യൂളിൽ (Capital Work In Progress) ഇനത്തിൽ തുകയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിനുള്ള എ എക്സ് ഇ യുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

9) വാർഷിക ധനകാര്യപത്രികപ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | AFS പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 25890000 | 26538232 |
| വികസന ഫണ്ട് (എസ് സി പി) | 11122000 | 11417000 |
| വികസന ഫണ്ട് (ടി എസ് പി) | 178000 | 284200 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 8812412 | 8812942 |

10) 2022 മാർച്ച് മാസത്തെ വൈദ്യുതി ചാർജ്ജ്, വാഹന ഇന്ധനച്ചെലവ്,ടെലഫോൺ ചാർജ്ജ്, എന്നിവയ്ക്ക് 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്. എന്നാൽ ആയത് 2021-22 വർഷത്തെ എ.എഫ്.എസിലെ ബി-9, Other Liabilities(Sundry Creditors) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല .

11) വാർഷിക ധനകാര്യപത്രികപ്രകാരം മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 1765249/- രൂപ ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു.പ്രസ്തുത തുക ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു

| ഫണ്ട് | RP7 | I 6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 8812412 | 7047163 | 1765249 |

12) MGNREGS അക്കൗണ്ടിന്റെ ( ബാങ്ക് ഓഫ് ഇന്ത്യയിൽ നെടുമങ്ങാട് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് (A/C നം 853410110001333) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 01.04.21ൽ 6,93,232.09/- രൂപ മുന്നിരിപ്പും,31.03.22ൽ 3738.56 /-രൂപ നീക്കിയിരിപ്പുമുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ AFS ന്റെ RP 40(a), RP40(b), B17 എന്നിവയിൽ ഉൾപ്പെടുത്തിട്ടില്ല. ആയതിനുള്ള കാരണം ലഭ്യമാക്കേണ്ടതാണ്.

13) 2021-22 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്റ്റുകൾ ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 21-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 998385 | 2411000 | 3409385 | 210000 | 3199385 | 1194474 |
| ജില്ലാപഞ്ചായത്ത് വിഹിതം | 8486243 | 1008000 | 9494243 | 0 | 9494243 | 8486243 |
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | 1,50,00000 | 5000000 | 20000000 | 0 | 20000000 | 5000000 |
| ആകെ | 24484628 | 8419000 | 32903628 | 210000 | 32693628 | 14680717 |

സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുകകളുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് എന്നിവയിൽ നിന്നും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവിനു ശേഷമുള്ള നീക്കിയിരിപ്പ് B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

മേൽ പൊരുത്തക്കേടിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ തുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ (ഓരോ വിഹിതത്തിനും ചെലവ് വന്നിട്ടുള്ള പ്രോജക്ട് നം, അടങ്കൽ, ചെലവ് എന്നിവ പ്രത്യേകമായി) ലഭ്യമാക്കേണ്ടതാണ്.

14) B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 14680717/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 1000000/- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും വ്യത്യാസം വന്നതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം 08 /26.12.22ന് മറുപടി

ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ചുകൊണ്ട് വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 16.05.2022 | - | - |

## 1-3-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 25296616 | 26538232 |
| വികസനഫണ്ട്(എസ്.സി.പി) | 11122000 | 11417000 |
| വികസനഫണ്ട്(ടി.എസ്.പി) | 178000 | 284200 |
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 8812412 | 8812942 |

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3.സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.6 പ്രകാരം ബ്ലോക്ക്പഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും 30 % ൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്താവുന്ന കൂടിയ തുക 5178000/-രൂപയാണ്. എന്നാൽ പശ്ചാത്തല മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (5220025/-) വകയിരുത്തിയിട്ടുണ്ട്. ആകെ ചെലവഴിച്ചിരിക്കുന്നത് 4545288/-രൂപയാണ്.

4)സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം, പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത്

തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ, സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.(B -4 Schedule)

| ക്രമ നം | Code Number | Particulars | Amount |
|---|---|---|---|
| 1 | 320700203 | Contributions For Joint Venture Projects (For Revenue Expenditure) – From Village Panchayats | 961558 |
| 2 | 320700205 | Contributions For Joint Venture Projects (For Revenue Expenditure) –From District Panchayats | 7986243 |
| 3 | 320700208 | Contributions For Joint Venture Projects (For Centrally Sponsored Scheme) –From Village Panchayats | 232916 |
| 4 | 320700402 | Contributions For Joint Venture Projects (For Revenue Expenditure) –From Municipal Corporations | 5000000 |
| 5 | 320700405 | Contributions For Joint Venture Projects (For Revenue Expenditure) –From District Panchayats | 500000 |

ക്രമ നം 2,3,5 എന്നീ ഇനങ്ങളിലെ 2020-21 ,21-22 വർഷങ്ങളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നത് ഒരേ തുകയാണ് .

5. എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ഒരേ തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു-

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100115 | Centrally Sponsored Scheme-Total Sanitation Campagin (TSC) | 66926/- |
| 2 | 320300199 | Grants,Funds &Contributions For Specific Purposes -Other Government Agencies | 175093/- |
| 3 | 320900102 | Best Panchayat Award From Central Government | 7,500,000/- |
| 4 | 320900201 | Best Panchayat Award From State Government-State Level | 2,500,000/- |
| 5 | 320900399 | Other Awards And Honours | 100,000/- |
| 6 | 320900399 | Other Awards From State Government | 500,000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നം. 12/26.12.22ന് മറുപടി ലഭ്യമാക്കിയില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 26817896 | 26817896 | 25296616*A | 1521280 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 11429497 | 11429497 | 11122000 | 307497 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 284200 | 284200 | 178000 | 106200 |
| CFC(tied) | 0 | 8413801 | 8413801 | 8413801 | 0 |
| CFC(untied) | 0 | 5493695 | 5493695 | 5493695 | 0 |
| Maintenance Fund(nonroad) | 0 | 9222543 | 9222543 | 8812412*B | 410131 |
| CSS*C | 0 | 0 | 0 | 0 | 0 |
| SSS*D | 0 | 0 | 0 | 0 | 0 |

*A ACR പ്രകാരമുള്ള ചെലവ് 26538232/-രൂപയും, AFS പ്രകാരമുള്ള ചെലവ് 25890000/-

രൂപയുമാണ്

*B ACR പ്രകാരമുള്ള ചെലവ് 8812942/- രൂപയും, AFS പ്രകാരമുള്ള ചെലവ് 8812412/- രൂപയുമാണ്

*C കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

*D സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

## 1-4 പദ്ധതി അവലോകനം

1. ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചതായി അറിയിച്ചെങ്കിലും വിശദാംശം ലഭ്യമാക്കിയില്ല.

2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | കൃഷി | 04.02.2021 | കാട്ടുമൃഗശല്യം നിയന്ത്രിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുക<br>തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുക |

| | | | |
|---|---|---|---|
| Ii | മൃഗസംരക്ഷണവും, ക്ഷീരവികസനവും | 30.01.2021 | I)24 മണിക്കുറും പ്രവർത്തിക്കുന്ന മൊബൈൽ വെറ്റിനറി സർവ്വീസ്<br>Ii)തെരുവ് നായ്ക്കളെ പാർപ്പിച്ച് സംരക്ഷിക്കുന്നതിനുള്ള പദ്ധതി |
| Iii | പ്രാദേശിക സാമ്പത്തികവികസനം | 30.01.2021 | പ്രാദേശികമായി ലഭ്യമാകുന്ന കാർഷികവിഭവങ്ങൾ കൊണ്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം |
| Iv | വനിതാവികസനം | 30.01.2021 | പഞ്ചായത്തുകളിലെ വിവിധ കേന്ദ്രങ്ങളിൽ സ്ത്രീകൾക്കും വയോജനങ്ങൾക്കുമായി യോഗപരിശീലനം |
| V | ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം | 30.01.2021 | തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കുളങ്ങൾ സംരക്ഷിക്കണമെന്ന് നിർദ്ദേശിച്ചു |

വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങളൊന്നും ഉണ്ടായിട്ടില്ല.

3) സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | മൃഗസംരക്ഷണം | ഗുരുതരം | രോഗങ്ങൾ മൂലമുള്ള ധനനഷ്ടം |
| 2 | സാമൂഹ്യനീതി | ഗുരുതരം | സമൂഹത്തിൽ വൃദ്ധരുടെ ഒറ്റപ്പെടൽ, മക്കളുടെ സംരക്ഷണക്കുറവ് ആഹാരമില്ലായ്മ |
| 3 | വനിതാവികസനം | ഗുരുതരം | വനിതകൾക്ക് ആവശ്യമായ നിയമസാക്ഷരത ഇല്ലായ്മ |
| 4 | ദാരിദ്ര്യലഘൂകരണം | അതീവ ഗുരുതരം | ദരിദ്രരുടെയും നിരാലംബരുടെയും പുരാശ്രയമില്ലാത്തവരുടെയും ജീവിതനിലവാരം ഉയർത്തൽ |

4. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.2.1(1) പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്.ലഭ്യമാക്കിയ ഗ്രാമസഭ 09.02.21ൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും തീരുമാനങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

5. സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.4.2 (1) പ്രകാരംപദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായി മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോസ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിൻമേൽ ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ നൽകിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യ വകയിരുത്തൽ എന്നിവ പരിശോധിച്ച ശേഷമാണോ ശുപാർശകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

6. സ്പിൽ ഓവർ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്.കൂടാതെ സ.ഉ.നമ്പർ 11/2018/ ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 10 പ്രകാരം സ്പിൽ ഓവർ പദ്ധതികളെ സംബന്ധിക്കുന്ന വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുമുണ്ട്. ഗ്രാമ പഞ്ചായത്ത് തൻവർഷം 17 പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം 02 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

7. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ആകെ അടങ്കൽ തുക 101098940/-രൂപയും ചെലവ് 76205582/-രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 75 % മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗംജനറൽ | ഉല്പാദനം | 15244500 | 7670733 | 50 |
| | സേവനം | 52612825 | 43269613 | 82 |
| | പശ്ചാത്തലം | 20944215 | 14558620 | 69 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 710000 | 600000 | 84 |
| | സേവനം | 7869069 | 7194069 | 91 |
| | പശ്ചാത്തലം | 3327931 | 3327931 | 100 |
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 390400 | 178000 | 45 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം .19/27.12.2022ന് മറുപടി ലഭ്യമാക്കിയില്ല.

## 1-5 ക്യാഷ് പരിശോധന

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-12-2022 തീയതിയിൽ 4.30 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 590/-രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തര നിയന്ത്രണം.

എല്ലാ നിർവഹണ ഉദ്യോഗസ്ഥരും കാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ

കൃത്യമായി സൂക്ഷിക്കുന്നില്ല. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്ന് പ്രൊജക്ടുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുന്നില്ല. പ്രതിമാസ വരവു ചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് ഒപ്പു വെച്ച് അധികൃതമാക്കുന്നുണ്ട്. ബ്ലോക്ക്പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. മുൻകാല ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല. ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് , അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക്പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/09/2022 മുതൽ 27/09/2022 വരെ | 2021-22 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/06/2020 മുതൽ 03/07/2020 വരെ | 2015-16 മുതൽ 2019-20 വരെ | 16/09/2020 |

## 1-8 ദുരന്ത നിവാരണ സന്നദ്ധ സേന രൂപീകരണം-സർക്കാർ നിർദ്ദേശം പാലിച്ചില്ല.

ഭരണസമിതിയുടെ 21.04.21ലെ 7ാം നമ്പർ തീരുമാന പ്രകാരം നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 50000/- രൂപ വകയിരുത്തി നെടുമങ്ങാട് ബ്ലോക്ക്

പഞ്ചായത്ത് ദുരന്ത നിവാരണ സന്നദ്ധ സേന രൂപീകരണം എന്ന പ്രോജക്ട് അംഗീകരിച്ച് ഏറ്റെടുക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിൻ മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻകൗയറി നം -20/27.12.2022 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ ദുരന്ത നിവാരണ പദ്ധതിക്കായി ദുരന്തലഘൂകരണം, തയ്യാറെടുപ്പ്, മാനേജ്മെന്റ് എന്നീ ലക്ഷ്യങ്ങൾക്കായി തദ്ദേശസ്വയംഭരണവകുപ്പിന്റെ 4/12/2019 ലെ ഉത്തരവ് നമ്പർ(കൈ)156/2019, തദ്ദേശസ്വയംഭരണവകുപ്പിന്റെ 14/1/2020ലെ ഉത്തരവ് നമ്പർ(കൈ)14/2020 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

## 1-9 ജൈവഗ്രാമം ലാഭവിഹിതം - രേഖകൾ ലഭ്യമാക്കിയില്ല

ജൈവഗ്രാമം ബൈലാ ഖണ്ഡിക 10.5 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകകൂടി ജൈവഗ്രാമത്തിന്റെ ലക്ഷ്യമായതിനാൽ ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ ദൈനംദിന ചര്യകൾക്കായി 2 ലക്ഷം രൂപ വരെ മാറ്റിവെയ്ക്കാവുന്നതാണെന്നും 2 ലക്ഷത്തിനു മുകളിൽ വരുന്ന തുക ബ്ലോക്ക് പഞ്ചായത്ത് പൊതു അക്കൗണ്ടിലേയ്ക്ക് മാറ്റിയിരിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്.2021-22വർഷത്തെ ജൈവഗ്രാമം ലാഭവിഹിതമിനത്തിൽ 510208/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി എൽജിടിഎസ്ബി അക്കൗണ്ടിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ കൃത്യത നിർണ്ണയിക്കുന്നതിനായുള്ള രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വസിഷൻ നം 01, ഓഡിറ്റ് എൻകൗയറി നം -23/28.12.2022 എന്നിവയ്ക്ക് രേഖകൾ ഹാജരാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-10 സർക്കാർ നിർദ്ദേശത്തിനനുസൃതമായി തുക കൈമാറിയില്ല.

24.05.2021 ലെ സംസ്ഥാന ധനകാര്യ( പ്ളാനിംങ് -എ) വകുപ്പിന്റെ 44/2021/ഫിൻ നം സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവ് ഇനത്തിൽ ബ്ലോക്ക് / ഗ്രാമപഞ്ചായത്ത് തലങ്ങളിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി ചെലവഴിക്കാതെ അവശേഷിക്കുന്ന മുഴുവൻ തുകകളും സംസ്ഥാന തൊഴിലുറപ്പ് മിഷന്റെ എസ് ബി ഐ വെള്ളയമ്പലം ബ്രാഞ്ചിലെ അക്കൗണ്ടിലേയ്ക്ക് മാറ്റണമന്നും 20.06.21 ന് മുൻപ് തിരിച്ചടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കാർ നിർദ്ദേശത്തിനനുസൃതമായി തുക കൈമാറുന്നതിനായി തുടർനടപടികളൊന്നും സ്ഥാപനം സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൗയറി നം -22/27.12.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-11 സമൃദ്ധി- പൊതു ഇടങ്ങളിൽ ഫലവൃക്ഷ തൈ വച്ചു പിടിപ്പിക്കൽ- പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വിവരങ്ങൾ അവ്യക്തം

| | |
|---|---|
| പ്രോജക്ട് നം, പേര് | 35/22, സമൃദ്ധി- പൊതു ഇടങ്ങളിൽ |

| | | | | |
|---|---|---|---|---|
| | ഫലവൃക്ഷ തൈ വച്ചു പിടിപ്പിക്കൽ | | | |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ- കൃഷി | | | |
| അടങ്കൽ | 200000- വികസന ഫണ്ട് -പൊതു വിഭാഗം സാധാരണ വിഹിതം | | | |
| ചെലവ് | 200000- വികസന ഫണ്ട് -പൊതു വിഭാഗം സാധാരണ വിഹിതം | | | |
| | ബിൽ നം. | തുക | ബന്ധപ്പെട്ട ഇൻവോയിസ് നം. | തുക |
| | 1/21-22, 21-6-21 | 200000 | 6278/18-6-2021 | 200000 |

ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതു ഇടങ്ങളിലും സർക്കാർ ഓഫീസുകളിലും അത്യുത്പാദന ശേഷിയുള്ള വേഗത്തിൽ കായ്ഫലം തരുന്ന ഫലവൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ പ്രധാന ലക്ഷ്യവും പ്രവർത്തനവും. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 5 പഞ്ചായത്തുകളിലും MGNREGS, കൃഷി ഭവൻ എന്നിവയുമായി ചേർന്ന് യൂണിറ്റിന് 2000/- രൂപ വിലവരുന്ന ഗ്രാഫ്റ്റ് , ബഡ് തൈകൾ ജൈവഗ്രാമം വഴി നൽകുന്നതിനും അതാത് പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് തൈകൾ പൊതു ഇടങ്ങളിലും ഓഫീസുകളിലും നട്ട് കൊടുക്കുന്നതിനും പരിപാലനം അതാത് ഓഫീസുകളിൽ ചെയ്യുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

ടി പദ്ധതി പ്രകാരം നെടുമങ്ങാട് ബ്ലോക്ക്പഞ്ചായത്തിൻ കീഴിലുള്ള സർക്കാർ സ്ഥാപനങ്ങൾ, അംഗൻവാടികൾ, തെരഞ്ഞെടുക്കപ്പെട്ട പൊതു ഇടങ്ങൾ എന്നിവയിൽ ഫലവൃക്ഷ തൈകൾ വച്ച് പിടിപ്പിച്ചതായി സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ള ജൈവകൃഷി പരിശീലന കേന്ദ്രത്തിൽ നിന്നാണ് തൈകൾ വാങ്ങിയിരിക്കുന്നത്. സ്ഥാപനത്തിന്റെ ബിൽ പ്രകാരമുള്ള വിവരങ്ങൾ ഇപ്രകാരമാണ്. (6278/18-6-2021)

| ഇന വിവരങ്ങൾ | തുക | അളവ് | രൂപ |
|---|---|---|---|
| ഫല വൃക്ഷത്തൈകൾ (100 യൂണിറ്റ്) | 2000 | 100 | 200000 |

ഏതൊക്കെ ഇനത്തിലുള്ള ഫലവൃക്ഷ തൈകളാണ് ടി സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളതെന്ന വിവരം ബില്ലിൽ നിന്നും ലഭ്യമല്ല. സ്ഥാപനത്തിൽ നിന്നും ലഭ്യമായ തൈകൾ ഇനം തിരിച്ച് സ്റ്റോക്കിലെടുത്തതിന്റെയും ആയത് വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഫലവൃക്ഷ തൈകൾ വച്ച് പിടിപ്പിച്ചതായി കാണിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് ഇപ്രകാരമാണ്

| ക്രമ നം | ബ്ലോക്ക് ഡിവിഷന്റെ പേര് | ബ്ലോക്ക് ഡിവിഷൻ മെമ്പറുടെ പേര് | വച്ച് പിടിപ്പിച്ചിട്ടുള്ള ഫലവൃക്ഷ തൈകളുടെ എണ്ണം |
|---|---|---|---|
| 1 | പനവൂർ | സുഷ | 7 യൂണിറ്റ് |
| 2 | ആട്ടുകാൽ | ചിത്രലേഖ | 7 യൂണിറ്റ് |
| 3 | ചുള്ളിമാനൂർ | ശ്രീകുമാർ | 7 യൂണിറ്റ് |

| | | | |
|---|---|---|---|
| 4 | അരുവിക്കര | ഹരിലാൽ | 7 യൂണിറ്റ് |
| 5 | തേക്കട | ശ്രീമതി | 8 യൂണിറ്റ് |
| 6 | കരകുളം | ഗീത | 8 യൂണിറ്റ് |
| 7 | ചെറിയകൊണ്ണി | വിജയൻ നായർ | 8 യൂണിറ്റ് |
| 8 | മരുതൂർ | അമ്പിളി | 8 യൂണിറ്റ് |
| 9 | വട്ടപ്പാറ | വൈശാഖ് | 8 യൂണിറ്റ് |
| 10 | നന്നാട്ടുകാവ് | അനുജ | 8 യൂണിറ്റ് |
| 11 | വേട്ടിനാട് | ബീന | 8 യൂണിറ്റ് |
| 12 | വേങ്കവിള | കണ്ണൻ | 8 യൂണിറ്റ് |
| 13 | തേക്കട | ശ്രീമതി | 8 യൂണിറ്റ് |

മേൽപ്പറഞ്ഞ വിവരങ്ങൾ ഒഴികെ മറ്റൊന്നും തന്നെ ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെട്ടിട്ടില്ല.

ഒരു യൂണിറ്റിൽ ഏതൊക്കെ ഇനത്തിലുള്ള തൈകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അവ ഓരോന്നിന്റെയും എണ്ണം എത്രയാണെന്നും രേഖപ്പെടുത്തിയിട്ടുള്ള യാതൊരു വിധ രേഖകളും ലഭ്യമല്ല. അതാത് പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് തൈകൾ പൊതു ഇടങ്ങളിലും ഓഫീസുകളിലും നട്ടു കൊടുക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ആയത് സാധൂകരിക്കുന്ന യാതൊരു വിധ രേഖയും ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പദ്ധതി കാര്യക്ഷമമായി നിർവ്വഹിച്ചതായി ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ നിർവ്വഹണം എപ്രകാരമായിരുന്നു എന്നതിൽ വ്യക്തതക്കുറവുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 2 നു വിവിധ ഫലവൃക്ഷ തൈകൾ ജൈവഗ്രാമം എന്ന സ്ഥാപനം വഴി ഗുണഭോക്താക്കൾക്ക് എത്തിച്ചുകൊടുത്തിട്ടുണ്ടെന്നും മാവ്, പ്ലാവ്, റമ്പൂട്ടാൻ, മുള്ളാണി തുടങ്ങിയ തൈകളാണ് വിതരണം ചെയ്തിട്ടുള്ളതെന്നും നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ആയത് സാധൂകരിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെടുത്താനും കൃത്യമായ രജിസ്റ്റർ പരിപാലിക്കാനും വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 സമൃദ്ധി തെങ്ങിൻ തൈ നഴ്സറി - ജൈവഗ്രാമത്തിന് കൈമാറിയ തുകയ്ക്ക് അനുസൃതമായിട്ടുള്ള രേഖകൾ ലഭ്യമാക്കിയില്ല. 460000 രൂപ തടസ്സപ്പെടുത്തുന്നു.

| | | | | |
|---|---|---|---|---|
| പ്രോജക്ട് നം, പേര് | 46/22, കേരസമൃദ്ധി - സമൃദ്ധി തെങ്ങിൻ തൈ നഴ്സറി - കേരഗ്രാമം | | | |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ- കൃഷി | | | |
| അടങ്കൽ | 1035000- വികസന ഫണ്ട് – പൊതു വിഭാഗം സാധാരണ വിഹിതം | | | |
| ചെലവ് | 1035000- വികസന ഫണ്ട് – പൊതു വിഭാഗം സാധാരണ വിഹിതം | | | |
| | ബിൽ നം. | തുക | ബന്ധപ്പെട്ട ഇൻവോയിസ് നം. | തുക |
| | 4/21-22, 3-01-2022 | 440000 | PI/21-22/279, 21-12-2021 (കൃഷി ബിസിനസ് കേന്ദ്രം) | 440000 |

| | | | | |
|---|---|---|---|---|
| | 5/ 21-22, 25-02-2022 | 595000 | 7295/ 24-2-2022 (ജൈവ കൃഷി പരിശീലന കേന്ദ്രം) | 475000 |
| | | | KBKTVM21-22PI/404 18-2-2022 (കൃഷി ബിസിനസ് കേന്ദ്രം) | 120000 |
| | ആകെ | 1035000 | | 1035000 |

പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം പദ്ധതി സംബന്ധമായ വിവരങ്ങൾ ഇപ്രകാരമാണ്. "കർഷകരിൽ തെങ്ങ് കൃഷിയിൽ ആഭിമുഖ്യം വളർത്തുന്നതിനു ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്ക് പരിശീലനം നൽകുന്നു. പരിശീലനം ലഭിച്ച ക്ലസ്റ്ററുകൾക്ക് ഗുണമേന്മയുള്ള രോഗ പ്രതിരോധ ശേഷിയുള്ള തെങ്ങിൻ തൈകളുടെ ലഭ്യത വർഷം മുഴുവൻ ഉറപ്പ് വരുത്തുന്നതിനു ബ്ലോക്ക് പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ള സമൃദ്ധി ജൈവകൃഷി പരിശീലന കേന്ദ്രത്തിൽ ഒരു തെങ്ങിൻ തൈ ഉത്പാദന കേന്ദ്രം തുടങ്ങുന്നു. നഴ്സറിയുടെ പൂർണമായ നിയന്ത്രണം ബ്ലോക്ക് പഞ്ചായത്തിനാണ്. ഓരോ പഞ്ചായത്തിലും ഏതെങ്കിലും ഒരു വാർഡ് അടിസ്ഥാനത്തിൽ ക്ലസ്റ്റർ അതാത് കൃഷി ഭവൻ മുഖേന രൂപീകരിച്ച് കൃഷി ഭവനിൽ രജിസ്റ്റർ ചെയ്യണം . ഒരു ക്ലസ്റ്ററിന് 600 തെങ്ങിൻ തൈകൾ നൽകുന്നു. തെങ്ങിൻ തൈകൾ നട്ട് പരിപാലിക്കുന്നത് 3 വർഷത്തേക്ക് MGNREGS തൊഴിലാളികളായിരിക്കും.പഞ്ചായത്ത് തലത്തിൽ നിർവ്വഹണം മോണിറ്ററിംഗ് എന്നിവ പൂർണ്ണമായും അതാത് കൃഷിഭവൻ ആയിരിക്കും."

പ്രസ്തുത പദ്ധതി പ്രകാരം 8000 വിത്ത് തേങ്ങകൾ ഒന്നിന് 55/- രൂപാ നിരക്കിൽ കേരള സർക്കാർ സ്ഥാപനമായ VFPCK കൃഷി ബിസിനസ് കേന്ദ്ര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ് നം. PI/21-22/279, 21-12-2021). തുടർന്ന് 2182 വിത്തുകൾ കൂടി ഇതേ സ്ഥാപനത്തിൽ നിന്നും വാങ്ങി. (ഇൻവോയിസ് നം. KBKTVM21-22PI/404 , 18-2-2022). സ്ഥാപനത്തിന് വിത്തു തേങ്ങയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെയുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. വിത്തു തേങ്ങകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

വിത്ത് തേങ്ങകൾ നട്ട് പരിപാലനം, പരിശീലനം, ജലസേചനം ഗതാഗതം മുതലായ ചെലവുകൾക്ക് 475000/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജൈവകൃഷി പരിശീലന കേന്ദ്രത്തിന് നൽകി. ടി തുകയുടെ ചെലവ് സംബന്ധിച്ച് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള സ്റ്റേറ്റ്മെന്റ് ഇപ്രകാരമാണ്. (ചെയർമാനായ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയത്)

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | വിത്ത് തേങ്ങ പാകുന്നതിന് | 36000 |
| 2 | നഴ്സറിയുടെ പരിപാലനം | 40000 |
| 3 | നഴ്സറി തണൽ നൽകൽ | 200000 |
| 4 | ജലസേചനം | 45000 |
| 5 | തൊഴിലാളികൾക്കുള്ള പരിശീലനം | 15000 |
| 6 | തൈകൾ ഗ്രോ ബാഗിൽ ആക്കുന്നതിന് | 89000 |
| 7 | തേങ്ങാ സംഭരണം, ഗതാഗതം | 50000 |
| | ആകെ | 475000 |

ടി നിരക്കുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് എപ്രകാരമാണെന്ന വിവരം ലഭ്യമല്ല. ഇതിൽ

തൊഴിലാളികൾക്ക് പരിശീലനം നൽകിയ വകയിൽ ചെലവായ തുക സംബന്ധമായ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത് (15000/- രൂപ). ബാക്കി 4,60,000/- രൂപയുടെ ചെലവ് സംബന്ധമായ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.(ക്രമ നം. 1,2,3,4,6,7 എന്നിവ). മേൽപ്പറഞ്ഞ പ്രവൃത്തികൾ എല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുള്ളതായും തുക വിനിയോഗിച്ചിട്ടുള്ളതായും സാക്ഷ്യപ്പെടുത്തിയുള്ള ചെയർമാൻ – ശ്രീമതി അമ്പിളി വി യുടെ സാക്ഷ്യപത്രം ജൈവകൃഷി പരിശീലന കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. എന്നാൽ ടി സാക്ഷ്യപത്രത്തിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി തുക പൂർണമായും വിനിയോഗിച്ചതായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, നിർവ്വഹണോദ്യോഗസ്ഥ എന്നിവർ സാക്ഷ്യപ്പെടുത്തിയ വിനിയോഗ സാക്ഷ്യപത്രത്തിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാണ് ടി പ്രവൃത്തികൾ പൂർത്തീകരിച്ചതെന്നത് സംബന്ധിച്ചുള്ള വിവരം ആയതിനാൽ അവ്യക്തമാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവൃത്തിക്കുന്ന ജൈവ കൃഷി പരിശീലന കേന്ദ്രത്തിൽ തെങ്ങിൻ തൈ നഴ്സറി ആരംഭിക്കുന്നതിന് 10182 വിത്ത് തേങ്ങകൾ വാങ്ങുകയും ആയത് നട്ട് പരിപാലിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയ 10 തൊഴിലാളികൾക്ക് ബാലരാമപുരം തെങ്ങ് ഗവേഷണ കേന്ദ്രത്തിൽ കൊണ്ട് പോയി പരിശീലനം നൽകിയിട്ടുള്ളതായും ആയതിന്റെ തുടർ പരിപാലനം ജലസേചനം ഗതാഗതം , വിത്ത് തേങ്ങ പാകൽ , നഴ്സറിക്ക് തണൽ നൽകൽ, തൈകൾ ഗ്രോ ബാഗിൽ ആക്കൽ തുടങ്ങി പ്രവർത്തനങ്ങൾ ജൈവകൃഷി പരിശീലന കേന്ദ്രം മുഖേന നിർവ്വഹിച്ചിട്ടുള്ളതായും ആയതിന് പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള തുക പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിച്ചിട്ടുള്ളതായും തുക വിനിയോഗ സാക്ഷ്യപത്രത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഓരോ പഞ്ചായത്തിലും ഏതെങ്കിലും ഒരു വാർഡ് അടിസ്ഥാനത്തിൽ ക്ലസ്റ്റർ അതാത് കൃഷി ഭവൻ മുഖേന രൂപീകരിച്ച് ഒരു ക്ലസ്റ്ററിന് 600 തെങ്ങിൻ തൈകൾ നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ ഇത്തരമൊരു പ്രവർത്തനം നടന്നതായുള്ള യാതൊരു വിധ വിവരങ്ങളും ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെട്ടിട്ടില്ല. തുടർന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജൈവഗ്രാമത്തിൽ 27-12-2022 ൽ സ്ഥലപരിശോധന നടത്തി. സ്ഥല പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ഇപ്രകാരമാണ്.

1. പദ്ധതി പ്രകാരം വാങ്ങിയ തെങ്ങിൻ തൈകൾ മുഴുവനായി ജൈവ ഗ്രാമത്തിൽ സംരക്ഷിക്കപ്പെടുന്നുണ്ട്

2. തെങ്ങിൻ തൈകൾ നിലത്താണ് നട്ടിരിക്കുന്നത്. ചെറിയൊരു ഭാഗം തെങ്ങിൻ തൈകൾ മാത്രം ഗ്രോബാഗിൽ നട്ടിട്ടുണ്ട്.

3. നിലവിൽ തെങ്ങിൻ തൈകൾക്ക് തണൽ നൽകാൻ സംവിധാനമൊന്നും ഇല്ല. വിത്ത് തേങ്ങകൾ നട്ട വേളയിൽ തണൽ നൽകിയിരുന്നെന്ന് അറിയിച്ചെങ്കിലും ആയത് സംബന്ധിച്ചുള്ള സ്റ്റോക്ക് രജിസ്റ്ററോ ഫോട്ടോഗ്രാഫുകളോ യാതൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. എത്തരത്തിലാണ് തണൽ നൽകിയത് എന്നതിൽ വ്യക്തതയില്ല.

ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ സാക്ഷ്യപത്രങ്ങളിൽ നഴ്സറിക്ക് തണൽ നൽകൽ, തൈകൾ ഗ്രോ ബാഗിൽ ആക്കൽ തുടങ്ങി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥല പരിശോധനയിൽ ആയത് ബോധ്യപ്പെട്ടിട്ടില്ല. ഇത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 2 നു ലഭ്യമാക്കിയിട്ടുള്ള മറുപടി ഇപ്രകാരമാണ്. "പദ്ധതി വഴി വാങ്ങിയിട്ടുള്ള വിത്തു തേങ്ങകൾ ജൈവ ഗ്രാമത്തിന്റെ പല ഭാഗങ്ങളിലായി നട്ട് പരിപാലിച്ചു വരുന്നു. ആയത് ഉദ്ദേശം ഒരു വർഷം കൊണ്ടു മാത്രമേ പറിച്ചുനടാവുന്ന പരുവത്തിലേക്ക് വളർച്ച പ്രാപിക്കുകയുള്ളൂ എന്നതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷം ക്ലസ്റ്ററുകൾക്ക് തെങ്ങിൻതൈ വിതരണം ചെയ്യാനായിട്ടില്ല. വിത്ത് തേങ്ങ പാകുന്നതിനും പരിപാലനത്തിനും നഴ്സറി തണൽ നൽകുന്നതിനും തൈകൾ ഗ്രോബാഗിൽ പറിച്ച് നടുന്നതിനും വിത്ത് തേങ്ങ സംഭരിച്ച് സൂക്ഷിച്ച് വയ്ക്കുന്നതിനും ജൈവഗ്രാമത്തിലെ തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും മറ്റുമായി ചെലവഴിച്ച തുകയുടെ സബ് വൗച്ചർ ഉടൻ തന്നെ ഹാജരാക്കുന്നതാണ്."

പദ്ധതി പ്രകാരം ചെലവഴിച്ച തുകയ്ക്ക് ആധാരമായ മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാകും വരെ ടി പദ്ധതിയിനത്തിൽ ജൈവഗ്രാമത്തിന് കൈമാറിയ തുകയിൽ തൊഴിലാളികൾക്കുള്ള പരിശീലനത്തിന് ചെലവഴിച്ച 15000 രൂപ കഴിച്ച് ബാക്കി തുകയായ 460000/- രൂപ തടസ്സം ചെയ്യുന്നു. പൂർണമായ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. തെങ്ങിൻ തൈകൾ ഗ്രോബാഗിൽ നിറച്ച് വിതരണം പൂർത്തിയാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ടാർ ചെയ്തതിനെക്കാൾ കൂടുതൽ പ്രദേശത്ത് WMM ഉപയോഗിച്ചു. അധികച്ചെലവ് 5264/-

ബ്ലോക്ക്പഞ്ചായത്ത് നിർവഹിച്ച വട്ടവിള-മൈലാടും മുകൾ-താഴേവിള റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ യഥാർത്ഥത്തിൽ ടാർ ചെയ്ത അളവിനെക്കാൾ കൂടുതൽ പ്രദേശത്ത് WMM ഉപയോഗിച്ചതുമൂലം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി നം – 76/2022

അടങ്കൽ – 600000/-

ചെലവ് – 599992/-

നിർവഹണം -അസി.എക്സി.എഞ്ചിനീയർ

കരാറുകാരൻ- -ജഗന്നാഥവർമ്മ

ബിൽ നം -19/ 18/03/22

എം ബുക്ക് നം -247/19-20

DSR -2016 CI- 37.93%

ഈ പ്രവൃത്തിയിൽ റോഡിന്റെ ആദ്യഭാഗം 82 മീറ്റർ നീളം 15 സെ.മീ.കനത്തിൽ WMM ചെയ്തിട്ടുണ്ട്. വീതി വിവിധ റീച്ചുകളായി 5.9 മീറ്ററിൽ തുടങ്ങി 3.7 മീറ്ററിൽ അവസാനിക്കുന്നു.റോഡിന്റെ രണ്ടാം ഭാഗം 131 മീറ്റർ നീളം3.2 മീറ്റർ വീതിയിൽ 7.5 സെ.മീ.കനത്തിൽ നിർവഹിച്ചിട്ടുണ്ട്. റോഡിന്റെ ആദ്യഭാഗത്ത് 44.28 $M^3$ WMM ഉം (15.സെ.മീ.കനം), രണ്ടാം ഭാഗത്ത് 31.44$m^3$ ഉം (75 സെ.മീ.കനം) ഉപയോഗിച്ചിട്ടുണ്ട്. റോഡിന്റെ ആദ്യഭാഗത്ത് 295.20 $M^2$ഉം രണ്ടാംഭാഗം 419.20 $M^2$ ഉം ഉൾപ്പെടെ ആകെ 714.40$m^2$ പ്രദേശത്താണ് WMM വിരിച്ചിരിക്കുന്നത്. എന്നാൽ റോഡ് ടാർ ചെയ്തിരിക്കുന്നത് 636.5$m^2$ ഏരിയയിൽ മാത്രമാണ്. WMM ഉപയോഗിക്കുന്ന

ഏരിയയിലാണ് Prime Coat, Tack Coat, Chipping Carpet, Seal Coat എന്നിവ ഉപയോഗിച്ച് ടാർ ചെയ്യേണ്ടത്. എന്നാൽ ഇവിടെ ടാർ ചെയ്തിരിക്കുന്ന പ്രദേശത്തേക്കാളധികം Wet Mix Maccadam ഉപയോഗിച്ചതായി കാണുന്നു. കൂടാതെ റോഡിന്റെ 90 മീറ്റർ നീളം ഇരുവശത്തുമായി M20 (Cc 1:2:4) ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തിട്ടുമുണ്ട്. ആയതിനാൽ Wet Mix Maccadam ഉപയോഗിച്ചതിൽ അധികച്ചെലവ് ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

636.50$m^2$ ടാറിംഗിന് ആവശ്യമായ WMM

82x3.0x0.15 =36.9$m^3$

131x3.0x0.075 =29.475$m^3$

ആകെ =66.375$m^3$

നൽകിയ തുക =68.13$m^3$@2999.36/$M^3$=204346.40

നൽകേണ്ടിയിരുന്ന തുക =66.375$m^3$@2999.36/$M^3$=199082.52

അധികച്ചെലവ് =5264/-

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻകയറി നം.5 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കിയ മറുപടിയിൽ 3.2 മീറ്റർ വീതിയിൽ WMM ചെയ്തതായാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ എം ബുക്ക് പ്രകാരം വീതി വിവിധ റീച്ചുകളായി 5.9 മീറ്ററിൽ തുടങ്ങി 3.7 മീറ്ററിൽ അവസാനിക്കുന്നുണ്ട്. എന്നാൽ ടാറിംഗ് ചെയ്തിരിക്കുന്നത് 3 മീറ്റർ വീതിയിൽ മാത്രമാണ്. ഇത് അധിക അളവിൽ WMM ഉപയോഗിച്ച് ചെലവ് ചെയ്യാൻ ഇടവരുത്തിയിട്ടുണ്ട്. റോഡ് ടാറിംഗ് പ്രവൃത്തികൾ അധികച്ചെലവ് ഉണ്ടാകാത്ത രീതിയിൽ നിർവഹിക്കേണ്ടതാണ്.

## 1-14 ഓട നിർമ്മാണം-എർത്ത് വർക്ക്, ബേസ് കോൺക്രീറ്റ് എന്നിവ അധിക വീതിയിൽ നിർമ്മിച്ച് ചെലവ് ചെയ്തു.അധികച്ചെലവ്-7986/-

പന്തപ്ലാവ്-പനച്ചയം റോഡ് നിർമ്മാണം എന്ന പ്രവൃത്തിയിൽ ഓടനിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ പിശക് മൂലം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

പദ്ധതി നം -95/2022

അടങ്കൽ -800000/-

ചെലവ് -799952/-

നിർവഹണം -അസി.എക്സി.എഞ്ചിനീയർ

കരാറുകാരൻ- -സുരേഷ് കുമാർ.എ

ബിൽ നം -16/ 15.03.22, തുക-672695/-

ചെക്ക് നം -1691657/26.03.22, തുക-127257/-

എം ബുക്ക് നം -23/21-22

DSR -2016 CI- 37.93%

ഓടനിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | Mord ഇനം | അളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | എത്ത് വർക്ക് | MoRD-11-1-1-1 | 1x75x0.950x0.60 =42.75$m^3$ |
| 2 | ബേസ് കോൺക്രീറ്റ് | MoRD-11-4-1-1 CC 1:3;6-M10 | 1x75x0.950x0.10 =7.125$m^3$ |
| 3 | സൈഡ് വാളുകൾ | MoRD-11-4-2-1 CC 1:2.5:5-M15 | 1x75x0.20x0.50 =7.5$m^3$ 1x75x0.15x0.50 =5.625$m^3$ |
| 4 | വെയറിംഗ് കോട്ട് | MoRD-75-8-1-1-A CC 1:2:4 M20 | 1x75x0.50x0.050=1.875$m^3$ |

ഇവിടെ വെയറിംഗ് കോട്ട് 50 സെ.മീ.വീതിയിൽ ചെയ്യുവാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഓടകളുടെ സൈഡ് വാളുകളുടെ വീതി ഒരുവശം 20 സെന്റിമീറ്ററും മറുവശം 15 സെന്റിമീറ്ററുമാണ്. ഇതനുസരിച്ച് വെയറിംഗ് കോട്ട്, സൈഡ് വാളുകൾ എന്നിവയുൾപ്പെടെ ഓടയുടെ വീതി ആകെ 85 സെ.മീ. മാത്രമാണ്. ആയതിൻ പ്രകാരം എർത്ത് വർക്ക്,ബേസ് കോൺക്രീറ്റ് എന്നിവയ്ക്കായി 85 സെ.മീ.വീതിയിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ ഇത് കണക്കിലെടുക്കാതെ 95 സെ.മീ. വീതിയിൽ എർത്ത് വർക്ക്, ബേസ് കോൺക്രീറ്റ് എന്നിവയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ യുക്തി വ്യക്തമല്ല.

പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിലും എർത്ത് വർക്ക്, ബേസ് കോൺക്രീറ്റ് എന്നിവ 95സെ.മീ. വീതിയിലും സൈഡുവാളുകൾ യഥാക്രമം 20 സെ.മീ, 15 സെ.മീ.വീതിയിലും വെയറിംഗ് കോട്ട് 50 സെ.മീ.വീതിയിലുമാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ പ്രവൃത്തി നിർവഹണത്തിലും ഓടയുടെ വീതി സംബന്ധിച്ച ഈ അപാകത ഉണ്ടായിട്ടുണ്ട്.

ആയതിനാൽ ചുവടെ പറയും പ്രകാരം പ്രവൃത്തിക്ക് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

എം.ബുക്ക് പ്രകാരം പ്രവൃത്തി ചെയ്തിരിക്കുന്ന വിവരം

1. ഇനം 1. എർത്ത് വർക്ക്

ആകെ ചെയ്തിരിക്കുന്ന അളവ്-49.85$m^3$

പ്രവൃത്തി ചെയ്തിരിക്കുന്ന വീതി-0.95 മീറ്റർ

ചെയ്യേണ്ടിയിരുന്ന വീതി-0.85 മീറ്റർ

49.85/0.95x0.85=44.60$m^3$

അധികം ചെയ്ത അളവ്-5.25$m^3$

അധികം നൽകിയ തുക=5.25$m^3$@513.07/$M^3$=2694/-രൂപ

2. ഇനം നം 2.ബേസ് കോൺക്രീറ്റ്

ആകെ ചെയ്തിരിക്കുന്ന അളവ്-6.871$m^3$

പ്രവൃത്തി ചെയ്തിരിക്കുന്ന വീതി-0.95 മീറ്റർ

ചെയ്യേണ്ടിയിരുന്ന വീതി-0.85 മീറ്റർ

6.871/0.95x0.85=6.15$m^3$

അധികം ചെയ്ത അളവ്-0.721$m^3$

അധികം നൽകിയ തുക=0.721$m^3$@7340.12/$M^3$=5292/-രൂപ

മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻകുയറി നം 6 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കിയ മറുപടിയിൽ ഓടകൾക്ക് ഷട്ടറിംഗ് നടത്തേണ്ടതിനാലാണ് 95 സെ.മീ. വീതി നൽകിയത് എന്നാണ് അറിയിച്ചിരിക്കുന്നത്. MoRD-ഇനം 11-4-2-1 ൽ സെന്ററിംഗ്&ഷട്ടറിംഗ് കൂടെ ഉൾപ്പെട്ടുത്തിയാണ് ഡാറ്റാ തയ്യാറാക്കിയിരിക്കുന്നത്. മാത്രമല്ല 10 സെ.മീ.വീതി സെന്ററിംഗ്&ഷട്ടറിംഗിനായി ഉൾപ്പെടുത്തിയതായിരുന്നുവെങ്കിൽ സെന്ററിംഗ്& ഷട്ടറിംഗ് മാറ്റിയ ശേഷം ഈ 10 സെ.മീ കൂടെ വെയറിംഗ് കോട്ട് ചെയ്യണമായിരുന്നു. എന്നാൽ ഈ പ്രവ്യത്തിയിൽ ഇത് നിർവഹിച്ചിട്ടില്ല. ആയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ഓട നിർമ്മാണം പ്രവ്യത്തികൾ അധികച്ചെലവ് ഉണ്ടാകാത്ത രീതിയിൽ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പദ്ധതി ലക്ഷ്യം കൈവരിച്ചില്ല – 1000000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി : 1/22 ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം

നിർവ്വഹണോദ്യോഗസ്ഥൻ : ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ : 1000000/- രൂ

ചെലവ് : 1000000/- രൂ

വിവിധ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് Back End Subsidy ആയി ധനസഹായം അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ബാങ്ക് ലോൺ ലഭ്യമായ ശേഷം ഉപകരണങ്ങളും മറ്റ് അസംസ്കൃത വസ്തുക്കളും വാങ്ങിയതിന്റെ ബിൽ ഗ്രൂപ്പുകൾ സമർപ്പിക്കുമ്പോൾ ആകെ പദ്ധതിമൂല്യത്തിന്റെ 85% അല്ലെങ്കിൽ 25,0000/-രൂ ഇവയിൽ കുറഞ്ഞ തുക ബാങ്കിലേക്ക് നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്.

250000/- രൂപ വീതം 4 ഗ്രൂപ്പുകൾക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം അനുവദിച്ചത്. ഈ ഗ്രൂപ്പുകൾക്കൊന്നും ആവശ്യപ്പെട്ട തുക ബാങ്ക് വായ്പയായി അനുവദിക്കപ്പെട്ടിട്ടില്ല എന്നാണ് ഫയൽ പരിശോധിച്ചതിൽ വ്യക്തമാകുന്നത്. ഈ സാഹചര്യത്തിൽ സബ്സിഡി തുക 250000/-രൂപ ആയി എല്ലാ ഗ്രൂപ്പുകൾക്കും നിജപ്പെടുത്തിയതെങ്ങനെ എന്ന് വ്യക്തമല്ല.

വായ്പാതുക, പലിശനിരക്ക്, തിരിച്ചടക്കേണ്ട ഗഡുക്കളുടെ വിവരം എന്നിവയെല്ലാം വ്യക്തമാകുന്ന തരത്തിൽ ഗുണഭോക്താക്കൾ ബാങ്കുമായി കരാർ വെച്ചിട്ടുള്ളതായും രേഖയില്ല. ലോൺ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ സബ്സിഡി തുക വരവു വന്നിട്ടില്ല. സബ്സിഡി തുക ബാങ്കിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി ബാങ്ക് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സബ്സിഡി തുക ബിൽ മുഖേന നൽകിയ അക്കൗണ്ടിലല്ല ഇത് സൂക്ഷിച്ചിട്ടുള്ളതായി പറയുന്നത്.

ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകൾ എന്തെങ്കിലും സംരംഭം ആരംഭിച്ചിട്ടുണ്ടോ വായ്പ ഒടുക്കു വരുത്തിയിട്ടുണ്ടോ എന്നതൊന്നും വ്യക്തമല്ല. ആകയാൽ ടി പദ്ധതിക്കു വേണ്ടി ചെലവായ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 ചെലവുരേഖകൾ ഹാജരാക്കിയില്ല – 600000/- രൂപയുടെ ചെലവ്

## തടസ്സപ്പെടുത്തുന്നു

പദ്ധതി : 2/22 പട്ടികജാതി വനിതാ സ്വയംതൊഴിൽ സംഘങ്ങൾക്ക് സബ്സിഡി

നിർവ്വഹണോദ്യോഗസ്ഥൻ : ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ : 710000/-

ചെലവ് : 600000/- രൂ (SCPഫണ്ട്)

ബിൽ നം : 302/26.3.22 – 300000/-

303/26.3.22 – 300000/-

ആറു മാസമെങ്കിലും പ്രവർത്തനം പൂർത്തിയാക്കിയ വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കി ധനസഹായം നൽകുന്നതിനു വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഇതിൻപ്രകാരം സ്നേഹസമൃദ്ധി, തമ്പുരാൻസംഘം എന്നിങ്ങനെ രണ്ടു ഗ്രൂപ്പുകൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

സ്നേഹസമൃദ്ധി ഗ്രൂപ്പ് വെച്ചിട്ടുള്ള കരാർ പ്രകാരം ബാങ്ക് വായ്പ ലഭ്യമാകുമ്പോൾ ഗുണഭോക്തൃവിഹിതം സ്വരൂപിച്ച് സ്ഥാപനം ആരംഭിച്ചുകൊള്ളാം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുണിസഞ്ചി നിർമ്മാണം ആരംഭിക്കുന്നതിനായി ഒരു കെട്ടിടം വാടകയ്ക്ക് എടുത്തത് 3/22ലാണ്. തമ്പുരാൻസംഘവും സാധനങ്ങൾ സ്വരൂപിച്ചിട്ടുള്ളത് ഇതേ കാലയളവിലാണ്.

ടി ഗ്രൂപ്പുകൾക്ക് വായ്പ അനുവദിച്ചതായുള്ള കത്തുകൾ ഫയലിലുണ്ട്. എന്നാൽ ഇവയുടെ ലോൺ അക്കൗണ്ടുകളുടെ പാസ്സ്ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി അടങ്കലിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുന്നുവെങ്കിലും ആയത് പദ്ധതി നിർവ്വഹണത്തിൽ പ്രയോജനപ്പെടുത്തിയതായി രേഖയില്ല. ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നതും വ്യക്തമല്ല.

മേൽ പരാമർശിച്ച രേഖകൾ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 നിക്ഷേപപ്രവൃത്തികൾക്ക് കരാർ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

13ാം പദ്ധതി മാർഗരേഖയിലെ ഖ 8.3(17)ൽ ഒരു നിർമ്മാണപ്രവൃത്തിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. നിക്ഷേപപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതുണ്ട്. സ.ഉ(കൈ) 11/2018 തീ: 29.01.18 പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണപുരോഗതി DPC പ്രതിമാസം വിലയിരുത്തി ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുണ്ട്. കേരള പഞ്ചായത്ത് (കരാർ) രാജ് ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്ക് വാട്ടർ അതോറിറ്റിക്ക് നിക്ഷേപത്തുകകൾ കൈമാറിയിട്ടുണ്ടെങ്കിലും കരാറൊന്നും വെച്ചിട്ടില്ല. ഇതു സംബന്ധിച്ച എൻകമയറിക്ക് (നം:15) മറുപടി നൽകിയിട്ടില്ല. നിലവിലുള്ള ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെയുള്ള പദ്ധതിനിർവ്വഹണം ആശാസ്യമല്ല. ആയതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 തുക ഒടുക്കിയിട്ടും ഉപകരണങ്ങൾ ലഭ്യമായില്ല – 262868/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി : 108/22 ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 266625/- രൂപ

ചെലവ് : 262868/- രൂപ (മെയിന്റനൻസ് ഗ്രാന്റ് - NR)

ബിൽ നം : 258/19.3.22 - 52479/-രൂപ

278/23.3.22 - 119391/-രൂപ

296/25.3.22 - 66500/-രൂപ

313/27.3.22 - 24498/-രൂപ

ഘടകസ്ഥാപനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകാനുദ്ദേശിച്ചുള്ള പ്രസ്തുത പദ്ധതി പ്രകാരം ചുവടെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഉപകരണം | സ്ഥാപനം | തുക |
|---|---|---|---|
| 1 | പ്രൊജക്ടർ - 1<br>പ്രിന്റർ - 1 | K.M Technologies | 52479/- |
| 2 | ലാപ് ടോപ്പ് - 1 | Servite Systems | 66500/- |
| 3 | പ്രിന്റർ - 1 | KM Technologies | 24498/- |
| 4 | കമ്പ്യൂട്ടർ - 3 | കെൽട്രോൺ | 119391/- |

എന്നാൽ പ്രസ്തുത ഉപകരണങ്ങളൊന്നും സ്റ്റോക്കിലെടുക്കുകയോ വിതരണം നടത്തുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. കെൽട്രോണിൽ നിന്നുള്ള കമ്പ്യൂട്ടറുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്നും ഉടനെ വിതരണം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 14) മറുപടി നൽകിയിട്ടുള്ളത്. മുൻകൂറായി തുക നൽകിയെങ്കിലും സ്ഥാപനവുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാർ വെച്ചിട്ടില്ല. തൃപ്തികരമായ വിതരണം ഉറപ്പാക്കുന്നതിനായി സ്ഥാപനത്തിൽ നിന്നും രേഖാമൂലമുള്ള ഉറപ്പും ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകളൊന്നും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-19 തുക ഒടുക്കിയിട്ടും വാഹനങ്ങൾ ലഭ്യമായില്ല – 1584750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി : 63/22 സമഗ്ര ശുചിത്വ ആരോഗ്യ പരിപാടി

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 3615500/- രൂപ.

ചെലവ് : 3615500/-രൂപ (CFC ഗ്രാന്റ്)

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സേനാംഗങ്ങൾക്ക് പരിശീലനം നൽകുക, മാലിന്യനീക്കത്തിന് കവചിതവാഹനം വാങ്ങുക മുതലായ ലക്ഷ്യങ്ങളോടെയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

ഹരിതകർമ്മസേന സംഭരിക്കുന്ന മാലിന്യങ്ങൾ എംസിഎഫുകളിലേക്ക് കൊണ്ടുപോകുന്നതിനായി ബ്ലോക്ക് പരിധിയിലുള്ള 5 പഞ്ചായത്തുകൾക്ക് കവചിത ഇലക്ട്രിക്ക് വാഹനം വാങ്ങുന്നതിനായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനം നൽകിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ 298/25.03.22 മുഖേന 15,84,750/-രൂപ നൽകിയിട്ടുണ്ട്. തുക കൈമാറിയെങ്കിലും വാങ്ങലിനെ സംബന്ധിച്ച് യാതൊരുവിധ കരാറും സ്ഥാപനവുമായി വെച്ചതിന് രേഖയില്ല. നാളിതുവരെ വാഹനങ്ങൾ ലഭ്യമായിട്ടുമില്ല എന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 16) വാഹനങ്ങൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുമ്പോൾ ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ 1584750/- രൂപ തടസ്സം ചെയ്യുന്നു. തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-20 റിവോൾവിംഗ് ഫണ്ട് - വിനിയോഗവിവരം ലഭ്യമല്ല – 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി : 39/22 വിശപ്പുരഹിത കേരളം ജനകീയ ഹോട്ടലുകൾക്ക് റിവോൾവിംഗ് ഫണ്ട്

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 100000/- രൂപ

ചെലവ് : 40000/-രൂപ (വികസന ഫണ്ട് - ജനറൽ)

ബിൽ നം : 124/25.11.21 - 20000/- രൂപ

286/24.3.22 – 20000/- രൂപ

മേൽ പദ്ധതി പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഒരു ജനകീയഹോട്ടൽ തുടങ്ങുന്നതിനും 20000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ, ആനാട് ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക വിനിയോഗിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ സമൃദ്ധി ജനകീയഹോട്ടൽ ആരംഭിക്കുന്നതിനായി നൽകിയ റിവോൾവിംഗ് ഫണ്ടിന്റെ ചെലവുവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഹോട്ടൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക എങ്ങനെ വിനിയോഗിച്ചു, തുക ഗഡുക്കളായി തിരികെ ഒടുക്കിയിട്ടുണ്ടോ എന്ന വിവരങ്ങൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ആകയാൽ, പ്രസ്തുത പദ്ധതിയുടെ ചെലവായ 40,000/-രൂ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല :19448301/-രൂ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വിവിധ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായുള്ള ചുവടെപ്പറയുന്ന പദ്ധതികൾ പ്രകാരം വാട്ടർ അതോറിറ്റിക്ക് നിക്ഷേപമായി തുക നൽകിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം | പദ്ധതി നം | ബിൽ നം/ തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 61/22 | 159/30.12.21<br>184/29.1.22 | 2715000/-<br>900500/- |
| 2 | 85/22 | 138/09.12.21 | 832801/- |
| 3 | | | 15000000/- |
| ആകെ | | | 19448301/- |

ക്രമ നം (3) കോർപ്പറേഷൻ ഗ്രാന്റായി ലഭിച്ചിട്ടുള്ള തുകയാണ്. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അരുവിക്കര റിസർവോയറിന്റെ അതിർത്തികളിൽ സംരക്ഷണവേലി സ്ഥാപിക്കുന്നതിനും ജലസ്രോതസ്സിൽ അടിഞ്ഞുകൂടി കിടക്കുന്ന മാലിന്യങ്ങളും കളകളും നീക്കം ചെയ്യുന്നതിനായി ടി തുക ചെക്ക് നം 1691871/1.7.21 മുഖേന നിക്ഷേപമായി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയുമായി കരാറ് വെയ്ക്കുകയോ പ്രവർത്തനപുരോഗതി നിരീക്ഷിക്കുകയോ ഉണ്ടായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 15) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത പദ്ധതികൾ ഒന്നും തന്നെ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവായ തുക 19448301/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 ആദായനികുതി ഈടാക്കിയിട്ടില്ല

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാർക്ക് ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ ഒരു ലക്ഷത്തിന് മുകളിൽ തുക നൽകുമ്പോൾ (വ്യക്തികൾ 1%,സ്ഥാപനങ്ങൾ 2%) ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത ചുവടെപ്പറയുന്ന പ്രവൃത്തികൾക്ക് കരാറുകാരന് നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് തുക നൽകിയിരിക്കുന്നത്. ഈടാക്കേണ്ട തുകകളുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| പദ്ധതി | ബിൽ നം./ തീയതി | സ്ഥാപനത്തിന് നൽകിയ തുക (ഇൻവോയ്സ് പ്രകാരം) | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | കരാറുകാരന് നൽകേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 92/22 | 298/25.03.2022 | 100000<br>50000 | 2000<br>1000 | 98000<br>49000 |
| 63/22 | 298/25.03.2022 | 230112<br>3234750 | 4602<br>64695 | 225510<br>3170055 |
| | ആകെ | | | 72297 |

നിയമാനുസൃതം ഈടാക്കേണ്ട നികുതികൾ മേൽ സൂചിപ്പിച്ച ബില്ലുകളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറിക്ക് (നം.21/27.12.2022) മറുപടി ലഭ്യമാക്കിയില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1809750 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 28/22, സ്നേഹസ്പർശം - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്തയും വിഹിതം നൽകൽ |
| നിർവഹണോദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ |
| അടങ്കൽ | 2543625 വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം |
| ചെലവ് | 2543625 വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം |

| ക്രമ നം. | ബിൽ നം, തീ. (ACR പ്രകാരം) | തുക |
|---|---|---|
| 1 | 53/6-9-2021 | 213750 |
| 2 | 54/6-9-2021 | 391875 |
| 3 | 65/5-10-2021 | 619875 |
| 4 | 66/5-10-2021 | 71250 |
| 5 | 101/23-11-2021 | 427500 |
| 6 | 112/23-11-2021 | 712500 |
| 7 | 192/9-2-2022 | 14250 |
| 8 | 191/9-2-2022 | 14250 |
| 9 | 190/9-2-2022 | 78375 |
| | ആകെ | 2543625 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള അഞ്ച് ഗ്രാമ പഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരികയും അവരുടെ ആത്മവിശ്വാസം വളർത്തുകയുമാണ് പദ്ധതിലക്ഷ്യം. കരകുളം ഗ്രാമ പഞ്ചായത്ത് - 712500/- രൂപ, അരുവിക്കര ഗ്രാമ പഞ്ചായത്ത്- 427500/- രൂപ, വെമ്പായം ഗ്രാമ പഞ്ചായത്ത് - 712500/- രൂപ , ആനാട് ഗ്രാമ പഞ്ചായത്ത് - 520125/- രൂപ, പനവൂർ ഗ്രാമ പഞ്ചായത്ത്- 213750/- രൂപ (ആകെ- 2586375/- രൂപ) എന്നിങ്ങനെയാണ് പദ്ധതിവിഹിതം വകയിരുത്തിയിരിക്കുന്നത്. (പ്രോജക്ട് രൂപീകരണ ഫോറത്തിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം). ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ ഗുണഭോക്താക്കളുടെ കുറവ്മൂലം പ്രോജക്ട് തുക 2543625/- രൂപയായി ക്രമീകരിച്ചിട്ടുണ്ട്. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതിയിനത്തിലെ ചെലവ് 2543625/- രൂപയാണ്. മേൽപ്പട്ടികയിൽ പറഞ്ഞിട്ടുള്ള ബില്ലുകളിൽ ക്രമ നം. 1,2 എന്നിവ പ്രകാരമുള്ള ബില്ലുകളും ആയവയുടെ ധനവിനിയോഗവും സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഫയലിൽ ഉൾപ്പെട്ടിട്ടുണ്ട്. (ക്രമ നം. 1- പനവൂർ- 213750/- രൂപ, ക്രമ നം. 2. ആനാട്) 2021-22 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതമായി ലഭിച്ച 520125/- രൂപയിൽ 491625/- രൂപ ചെലവഴിച്ചതായി കാണിച്ചുള്ള ആനാട് ഗ്രാമ പഞ്ചായത്തിലെ ഐ.സി.ഡി,എസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയ ധനവിനിയോഗ സാക്ഷ്യ പത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പനവൂർ കരകുളം എന്നീ പഞ്ചായത്തുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് 2019-20 വാർഷിക പദ്ധതി

സംബന്ധിച്ചുള്ളതാണ്. പദ്ധതി വിഹിതം അനുവദിച്ചത് സംബന്ധിച്ച പൂർണമായ രേഖകളും ആയത് ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി നം. 25 , റിക്വിസിഷൻ നം. 2 എന്നിവയ്ക്ക് കൃത്യമായ മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ആകെ ചെലവഴിച്ച 2543625/- രൂപയിൽ 733875/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. (പനവൂർ- 213750/- രൂപ, ആനാട്-520125/-രൂപ ). ബാക്കി തുകയുടെ ചെലവ് സംബന്ധമായ രേഖകളുടെ അഭാവത്തിൽ 1809750/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ടി തടസ്സം ഒഴിവാക്കേണ്ടതാണ്. വിനിയോഗ ശേഷം ബാക്കിയുള്ള തുക ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ജൈവ ഗ്രാമം- പോഷകത്തോട്ടം- സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

<table>
<tr><td>പ്രോജക്ട് നം, പേര്</td><td colspan="4">7/22, ജൈവ ഗ്രാമം- പോഷകത്തോട്ടം</td></tr>
<tr><td>നിർവഹണോദ്യോഗസ്ഥൻ</td><td colspan="4">അസിസ്റ്റന്റ് ഡയറക്ടർ- കൃഷി</td></tr>
<tr><td rowspan="2">അടങ്കൽ</td><td>വികസന ഫണ്ട് - പൊതു വിഭാഗം സാധാരണ വിഹിതം</td><td colspan="2">മറ്റുള്ളവ</td><td>ആകെ</td></tr>
<tr><td>420000</td><td colspan="2">87500</td><td>507500</td></tr>
<tr><td rowspan="10">ചെലവ്</td><td>420000</td><td colspan="2">0</td><td>420000</td></tr>
<tr><td colspan="4"></td></tr>
<tr><td>ബിൽ നം.</td><td>തുക</td><td>ബന്ധപ്പെട്ട ഇൻവോയിസ് നം.</td><td>തുക</td></tr>
<tr><td>6/21-22, 19-03-22</td><td>27600</td><td>7531/11-3-22</td><td>27600</td></tr>
<tr><td>8/21-22,22-03-22</td><td>66000</td><td>7546/17-3-22</td><td>66000</td></tr>
<tr><td>9/21-22 , 24-3-22</td><td>129600</td><td>7548/21-3-22</td><td>129600</td></tr>
<tr><td>10/21-22 ,27-3-22</td><td>57600</td><td>7557/24-3-22</td><td>57600</td></tr>
<tr><td>14/21-22 , 31-3-22</td><td>92400</td><td>7570/26-3-22</td><td>92400</td></tr>
<tr><td>15/21-22 , 31-3-22</td><td>46800</td><td>7575/26-3-22</td><td>46800</td></tr>
<tr><td>ആകെ</td><td>420000</td><td></td><td></td></tr>
</table>

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തു പരിധിയിൽ വരുന്നതും പോഷകത്തോട്ടം വച്ചു പിടിപ്പിക്കാൻ സ്ഥല സൗകര്യമുള്ളതുമായ സർക്കാർ സ്ഥാപനങ്ങൾ, അങ്കണവാടികൾ,

എൻ.ജി.ഒ സംഘടനകൾ, കർഷക ഗ്രൂപ്പുകൾ, യുവജന ക്ലബുകൾ കുടംബശ്രീ ഗ്രൂപ്പുകൾ എന്നിവ മുഖേന ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിലേക്കായി പ്രാദേശികമായി ലഭിക്കുന്ന പച്ചക്കറികൾ , പഴവർഗ്ഗങ്ങൾ എന്നിവയുടെ തൈകൾ ലഭ്യമാക്കി പോഷക ഭക്ഷണം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഒരു യൂണിറ്റ് തൈകൾക്ക് (പപ്പായ. മുള്ളാത്ത, കോവൽ , അഗത്തി,മുരിങ്ങ, ചിക്കുർമാനിസ്, ചായ് മൻസാ എന്നീ ഇനങ്ങൾ) 400/- രൂപയും ജൈവവളം ഒരു യൂണിറ്റിന് (50 കിലോ) 1000/- രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ആകെ 350 യൂണിറ്റുകൾ വിതരണം ചെയ്യുന്നു. ജൈവവളത്തിന്റെ ഗുണഭോക്തൃവിഹിതമായ യൂണിറ്റിന് 250/- രൂപ ജൈവഗ്രാമത്തിൽ നേരിട്ട് ചെലവഴിക്കുന്നു. തൈകളും ജൈവ ഗ്രാമം വഴി നൽകുന്നു . 350 യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി വരുന്ന വാഹന വാടക, കയറ്റിറക്ക് കൂലി മറ്റനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ആകെ 17500/- രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I)ബന്ധപ്പെട്ട ഫയലിൽ ജൈവവളത്തിന് 250/- രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെയും ആയത് ബ്ലോക്ക്പഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ള സമൃദ്ധി ജൈവ കൃഷി പരിശീലനകേന്ദ്രത്തിന്റെ (ജൈവ ഗ്രാമം) അക്കൗണ്ടിലേക്ക് കൈമാറിയതിന്റെയും വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിലേക്ക് പണം അടച്ചതിന്റെ പേയ്മെന്റ് സ്ലിപ്പാണ് സൂക്ഷിച്ചിരിക്കുന്നത്. ആകെ 87500/- രൂപയാണ് 2021-22സാമ്പത്തിക വർഷത്തിൽ പലപ്പോഴായി പ്രസ്തുത സ്ഥാപനത്തിന് ഗുണഭോക്തൃവിഹിതമായി കൈമാറിയിട്ടുള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ടി സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള ഇൻവോയിസുകളിൽ എല്ലാം ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റായി രേഖപ്പെടുത്തിയിരിക്കുന്നത് 750/- രൂപയാണ്. ടി തുക വികസന ഫണ്ടിൽ നിന്നുമാണ് നൽകിയിരിക്കുന്നതും. 250/- രൂപ വീതം പലപ്പോഴായി ഗുണഭോക്തൃ വിഹിതം നൽകിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ചുള്ള യാതൊരുവിധ രേഖപ്പെടുത്തലും സ്ഥാപനത്തിന്റെ ബില്ലിൽ ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയതിന് മറ്റ് ബില്ലുകളുമില്ല. പകരം ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ബിൽ നം. | തുക | സ്ഥാപനത്തിന്റെ ബിൽ നം. | ബിൽ തുക | | | | | പേയ്മെന്റ് സ്ലിപ്പ് പ്രകാരം ഗുണഭോക്തൃ വിഹിതമായി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയ തുക |
|---|---|---|---|---|---|---|---|---|
| | | | | ഇനം | തുക | അളവ് | രൂപ | |
| 6/21-22 | 27600 | 7531/11-3-22 | 27600 | Fruits(Perennial) Vegetable Sapling | 400 | 23 യൂണിറ്റ് | 9200 | |
| | | | | Organic Manures | 750 | 23 യൂണിറ്റ് | 17250 | 5750 |
| | | | | Transportation | 50 | 23 യൂണിറ്റ് | 1150 | |
| 8/21-22 | 66000 | 7546/17-3-22 | 66000 | Fruits(Perennial) Vegetable Sapling | 400 | 55 | 22000 | |
| | | | | Organic Manures | 750 | 55 | 41250 | 13750 |
| | | | | Transportation | 50 | 55 | 2750 | |
| 9/21-22 | 129600 | 7548/21-3-22 | 129600 | Fruits(Perennial) Vegetable Sapling | 400 | 108 | 43200 | |
| | | | | Organic Manures | 750 | 108 | 81000 | 27000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | Transportation | 50 | 108 | 5400 | |
| 10/21-22 | 57600 | 7557/24-3-22 | 57600 | Fruits(Perennial) Vegetable Sapling | 400 | 48 | 19200 | |
| | | | | Organic Manures | 750 | 48 | 36000 | 12000 |
| | | | | Transportation | 50 | 48 | 2400 | |
| 14/21-22 | 92400 | 7570/26-3-22 | 92400 | Fruits(Perennial) Vegetable Sapling | 400 | 77 | 30800 | |
| | | | | Organic Manures | 750 | 77 | 57750 | 19250* |
| | | | | Transportation | 50 | 77 | 3850 | |
| 15/21-22 | 46800 | 7575/26-3-22 | 46800 | Fruits(Perennial) Vegetable Sapling | 400 | 39 | 15600 | |
| | | | | Organic Manures | 750 | 39 | 29250 | 9750* |
| | | | | Transportation | 50 | 39 | 1950 | |
| ആകെ | 420000 | | | | | | | 87500 |

ഗുണഭോക്തൃവിഹിതം കൈപ്പറ്റിയതായി കാണിച്ചുള്ള സമൃദ്ധി ജൈവ കൃഷി പരിശീലനകേന്ദ്രത്തിൽ നിന്നുമുള്ള സ്റ്റേറ്റ്മെന്റ്സിൽ 2 എണ്ണമൊഴികെ ബാക്കിയുള്ളവ ചെയർമാന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. (*സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സൂക്ഷിക്കാത്തവ).

Ii) സ.ഉ. (കൈ) നം. 22/2018/ ത.സ്വ.ഭ.വ, തീ. 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.1 ൽ (13-ാം പഞ്ചവത്സര പദ്ധതി) ജൈവവളത്തിന് 75% വരെ സബ്സിഡി അനുവദിക്കാമെന്നും യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിശ്ചയിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രമേ ഈ ആവശ്യത്തിന് പദ്ധതി ഏറ്റെടുക്കാവൂ എന്ന് പ്രത്യേകം നിഷ്കർഷിക്കുന്നുമുണ്ട്. ടി നിർദ്ദേശത്തിന് വിരുദ്ധമായി ജൈവവളത്തിന് സബ്സിഡി അനുവദിച്ച് നൽകിയതിനും ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിനും ഓഡിറ്റ് എൻകയറി നം. 2 വഴി വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. 14 -ാം പഞ്ചവത്സര പദ്ധതി പ്രകാരം ജൈവവളത്തിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതുമായി ബന്ധപ്പെട്ട രേഖകൾ എൻകയറിക്ക് മറുപടിയായി സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം 1 കിലോ ജൈവവളത്തിന് 20 രൂപയാണ് നിരക്ക്. 14 -ാം പഞ്ചവത്സര പദ്ധതി പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ജൈവവളം വിതരണം ചെയ്യുന്നതിന് ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തലങ്ങളിലെയും സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് 2021-22 സാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് ബാധകമല്ല . ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രമേ ഈ ആവശ്യത്തിന് പദ്ധതി ഏറ്റെടുക്കാവൂ എന്നതാണ് ഇക്കാലയളവിലെ സബ്സിഡി മാർഗ്ഗരേഖപ്രകാരമുള്ള സർക്കാർ നിർദ്ദേശം. സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന സബ്സിഡി മാർഗ്ഗരേഖയിലെയും പദ്ധതി മാർഗ്ഗരേഖയിലെയും മറ്റ് ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രം പദ്ധതി നിർവ്വഹിക്കാൻ വരും വർഷങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Iii) സ്ഥാപനത്തിന്റെ ബില്ലുകളിൽ ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ പരിമിതമാണ്. ഏതൊക്കെ തൈകളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന വിവരം ടി ബില്ലിൽ ഉൾപ്പെട്ടിട്ടില്ല. ലഭ്യമായ തൈകൾ ഇനം തിരിച്ച് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-25 പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പദ്ധതികൾ - നിർവ്വഹണത്തിലെ അപാകതകൾ

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം രണ്ട് ഗഡു വീതം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാത്തവർ ഇനിയും ശേഷിക്കുന്നു. 2019-20 സാമ്പത്തികവർഷത്തിലെ ഗുണഭോക്താക്കളും ഇതിൽ ഉൾപ്പെടുന്നു. തൻവർഷം ആനുകൂല്യം കൈപ്പറ്റിയ 19 പേരിൽ വളരെക്കുറച്ചുപേർ മാത്രമാണ് നിലവിലും മുറിനിർമ്മാണം പൂർത്തിയാക്കിയത്. ആനുകൂല്യം അനുവദിച്ച ഫയലുകളിലൊന്നും പെർമിറ്റ് സംബന്ധിയായ രേഖകൾ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക്(നം.7) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| | മുന്നിരിപ്പ് | വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 21-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 998385 | 2411000 | 3409385 | 210000 | 3199385 | 1194474 |
| ജില്ലാപഞ്ചായത്ത് വിഹിതം | 8486243 | 1008000 | 9494243 | 0 | 9494243 | 8486243 |
| മുനിസിപൽ കോർപ്പറേഷൻ വിഹിതം | 1,50,00000 | 5000000 | 20000000 | 0 | 20000000 | 5000000 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 24484628 | 8419000 | 32903628 | 210000 | 32693628 | 14680717 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ യഥാർത്ഥ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവായ തുക | ബാലൻസ് തുക |
|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-വെമ്പായം ഗ്രാമപഞ്ചായത്ത് | 832801 | -- | 832801 |
| | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 3615500 | -- | 3615500 |
| | അരുവിക്കര റിസർവോയറിന്റെ അതിർത്തികളിൽ സംരക്ഷണവേലി സ്ഥാപിക്കുന്നതിനും ജലസ്രോതസ്സിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളും കളകളും നീക്കം ചെയ്യുന്നതിനും | 15000000 | -- | 15000000 |
| ആകെ | | 19448301 | -- | 19448301 |

വാർഷിക ധനകാര്യപത്രിക പ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് നിക്ഷേപപമായി നൽകിയതിൽ വിനിയോഗിക്കാതെ ശേഷിക്കുന്ന തുക (B18) ഷെഡ്യൂളിൽ 19381728/- രൂപ ആണ്. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.8) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഇല്ല

## 4-4 വായ്പ- വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| ക്രമ നം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | നിക്ഷേപ തുക | മെച്യൂരിറ്റി തീയ്തി | പലിശ നിരക്ക് | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|
| 1 | 0011623/29.04.20 | 2500000 | 29.04.2025 | 7.25% | ആനാട് ഫാർമേഴ്സ് സഹകരണ ബാങ്ക |
| 2 | 0020108/22.06.20 | 2653905 | 22.06.22 | 6.75% | “ |
| 3 | 0020203/12.08.21 | 2500000 | 12.08.22 | 6.75% | “ |
| 4 | 0020210/20.08.20 | 6,50,000 | 21.08.22 | 6.75% | “ |
| 5 | 0028178/04.10.21 | 2645000 | 04.10.22 | 6.75% | “ |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107994089 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96338486 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25205669 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 460000 | ഡോ.ജോമി ജേക്കബ്, അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| 1-15 | 1000000 | ശ്രീ.കൃഷ്ണൻ നമ്പൂതിരി ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-16 | 600000 | ശ്രീ.അനൂപ് ഷിനു ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-18 | 262868 | സുരേഷ് കുമാർ.കെ.എസ് സെക്രട്ടറി. |
| 1-19 | 1584750 | സുരേഷ് കുമാർ.കെ.എസ് സെക്രട്ടറി. |

| | | |
|---|---|---|
| 1-20 | 40000 | സുരേഷ് കുമാർ.കെ.എസ്സെക്രട്ടറി. |
| 1-21 | 19448301 | സുരേഷ് കുമാർ.കെ.എസ് സെക്രട്ടറി. |
| 1-23 | 1809750 | ശ്രീമതി.ജെഷിത സി.ഡി.പി.ഒ |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം. |
|---|---|---|
| ഡോ.ജോമി ജേക്കബ്, അസിസ്റ്റന്റ് ഡയറക്ടർ കൃഷി | അസിസ്റ്റന്റ് ഡയറക്ടർ കൃഷി നെടുമങ്ങാട് | ജൂപ്പിറ്റർ കുമാരപുരം മെഡിക്കൽകോളേജ് |
| ശ്രീ.കൃഷ്ണൻ നമ്പൂതിരി-ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നെടുമങ്ങാട് | ദേവി സദനം റ്റി.സി.22/774(2)എ.ആർ.എ(95) ആറ്റുകാൽ മണക്കാട്, |
| ശ്രീ.അനൂപ് ഷിനു-ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | അനുഗ്രഹം നടക്കുതാഴെ പി.ഒ വടകര കോഴിക്കോട് |
| സുരേഷ് കുമാർ.കെ.എസ്-സെക്രട്ടറി. | സെക്രട്ടറി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത | തിരുവാതിര-ആർ.എൽ.ആർ.എ.215 ആയുർക്കോണം പേരൂർക്കട |
| ശ്രീമതി.ജെഷിത-സി.ഡി.പി.ഒ | സി.ഡി.പി.ഒ നെടുമങ്ങാട് | രോഹിണി.കെ.പി.3rd HRA-10 B ദേവി ലെയ് ൻ കാച്ചാണി കരകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/2047/2022 തീയതി 19.11.2022 | 2 |
| 2006-07 | | 7 |
| 2007-08 | | 6 |
| 2008-09 | | 3 |

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10 | | 1 |
| 2010-11 | | 4 |
| 2012-13 | | 1 |
| 2013-14 | | 4 |
| 2016-17 | | 4 |
| 2017-18 | | 1 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1802/2019 തീയതി 03.10.19 | 24 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/267/2022 തീയതി 22.03.2022 | 17 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ബി.പി.1/629/2022 തീയതി 01.06.2022 | 28 |

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ബി.റ്റി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്